ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 21.12.2025** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. 2047-ൽ വികസിത ഭാരതം സാക്ഷാത്കരിക്കുക ലക്ഷ്യം.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക മറ്റെന്നാൾ പ്രസദ്ധീകരിക്കും.

3. റെയിൽ യാത്രക്കൂലിയിൽ വർധന. 215 കിലോമീറ്റൽ അധികമുള്ള ഓർഡിനറി ക്ലാസിലെ യാത്രയ്ക്ക് കിലോമീറ്ററിന് 1 പൈസ വീതം കൂടും.

4. മലയാളത്തിൻറെ പ്രിയ നടൻ ശ്രീനിവാസന് വിട നൽകി കലാകേരളം. സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടെ എറണാകുളത്തെ വീട്ടുവളപ്പിൽ നടന്നു.

5. സംസ്ഥാനത്ത് സപ്ലൈകോ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് നാളെ തുടക്കം.

6. യാത്ര ചെയ്യുന്നവർക്ക് ശുചിമുറികൾ കണ്ടെത്താൻ സഹായിക്കുന്ന 'ക്ലൂ' ആപ്പുമായി സംസ്ഥാന സർക്കാർ.

&&&&&&&&&&&&&&&

<u>വി ബി -ജി റാംജി ബിൽ</u>

വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. വെള്ളിയാഴ്ച അവസാനിച്ച പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ, ഇരു സഭകളും ബിൽ പാസാക്കിയിരുന്നു. ഗ്രാമീണ കുടുംബങ്ങൾക്ക് 125 തൊഴിൽ ദിവസങ്ങൾ ഈ നിയമത്തിലൂടെ ഉറപ്പാക്കുന്നു. 2047-ൽ വികസിത ഭാരതം സാക്ഷാത്കരിക്കുന്നതിന് ഗ്രാമീണ മേഖലയുടെ സമഗ്ര വികസനമാണ് വി ബി ജി റാം ജി നിയമത്തിലൂടെ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&

<u>സത്യപ്രതിജ്ഞ</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ഇന്ന് ചുമതലയേറ്റു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കൗൺസിലുകളിലുമാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നത്. ഇതിനു പിന്നാലെ ഭരണസമിതികളുടെ ആദ്യ യോഗം ചേർന്നു. ആകെ 23,573 പേരാണ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടത്. മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരുടെ തെരഞ്ഞെടുപ്പ് ഈ മാസം 26ന് നടക്കും.

&&&&&&&&&&&&&&&

<u>സത്യപ്രതിജ്ഞ-തിരു.നഗരസഭ.</u>

തിരുവനന്തപുരം നഗരസഭയിൽ പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജില്ലാ കളക്ടർ അനു കുമാരി സത്യവാചകം ചൊല്ലിക്കൊടുത്തു. നഗരസഭയിൽ എൻ ഡി എയ്ക്ക് അൻപത് സീറ്റും

എൽ ഡി എഫിന് 29 ഉം യു ഡി എഫിന് 19 സീറ്റുകളുമാണ് ലഭിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

**(വോയിസ്)**

**&&&&&&&&&&&&&&&&**

<u>സത്യപ്രതിജ്ഞ -കണ്ണൂർ കോർപ്പറേഷൻ(ഇൻട്രോ).</u>

കണ്ണൂർ കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ കണ്ണൂർ സ്റ്റേഡിയത്തിന് സമീപം പ്രത്യേകം തയ്യാറാക്കിയ വേദിയിൽ നടന്നു. 56 ഡിവിഷനിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തത്.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്........**

**(വോയിസ്)**

**&&&&&&&&&&&&&&&&**

<u>മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ</u>

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക മറ്റെന്നാൾ പ്രസദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു. കരട് വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം.

&&&&&&&&&&&&&&&&

## ശ്രീനിവാസന് അന്ത്യാഞ്ജലി

മലയാളത്തിൻറെ അതുല്യ നടനും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീനിവാസന് വിട നൽകി കലാകേരളം. പൂർണ ഔദ്യോഗിക ബഹുമതികളോടെ തൃപ്പൂണിത്തുറ കണ്ടനാട്ടെ വീട്ടുവളപ്പിൽ സംസ്കാരം നടന്നു. എല്ലാവർക്കും നൻമകൾ മാത്രം ഉണ്ടാകട്ടെ എന്ന് എഴുതിയ ഒരു പേപ്പറും പേനയും ഭൗതിക ശരീരത്തിൽ വെച്ച ശേഷമാണ് ചിതയ്ക്ക് തീകൊളുത്തിയത്. പ്രിയ നടന് അന്ത്യാഞ്ജലി അർപ്പിക്കാൻ നിരവധി പേരാണ് എത്തിയത്.

&&&&&&&&&&&&&&&&

## സപ്ലൈകോ

സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് നാളെ തുടക്കമാകും. ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിക്കും. തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്. ഇതിനു പുറമെ എല്ലാ താലൂക്കുകളിലും സപ്ലൈക്കോയുടെ ഒരു പ്രധാന വിൽപനശാല ക്രിസ്മസ് ഫെയറാക്കി മാറ്റും. പ്രത്യേക ഓഫറുകളും 5 മുതൽ 50 ശതമാനം വരെ വിലക്കുറവും ഇവിടെ ലഭിക്കും.

&&&&&&&&&&&&&&&&

## വസന്തോത്സവം

ക്രിസ്മസ് - പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വസന്തോത്സവത്തിന് ബുധനാഴ്ച തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 35,000 പൂച്ചെടികൾ ഇത്തവണ പുഷ്പമേളയിൽ കാണാനാകും. മേള അടുത്തമാസം 4 ന് സമാപിക്കും.

&&&&&&&&&&&&&&&&

<u>ക്രിസ്മസ് -വി ശിവൻകു ട്ടി</u>

ക്രിസ്മസ് ആഘോഷങ്ങൾക്ക് ചില സ്വകാര്യ സ്കൂൾ മാനേജ്മെൻറുകൾ വിലക്കേർപ്പെടുത്തുകയും, ആഘോഷത്തിനായി പിരിച്ച തുക തിരികെ നൽകുകയും ചെയ്യെന്ന വാർത്തയെ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിദ്യാലയങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൻറെ ആഘോഷങ്ങൾക്ക് മാത്രം വിലക്കേർപ്പെടുത്തുന്നത് വിവേചനമാണെന്നും ഇത് അംഗീകരിക്കാനാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വിഷയത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

<u>സ്റ്റോപ്പ് മെമ്മോ</u>

ഇടുക്കി ആനച്ചാലിലെ ഗ്ലാസ് ബ്രിഡ്ജിൻ്റെ പ്രവർത്തനം തടഞ്ഞു. അനധികൃത നിർമ്മാണം കണ്ടെത്തിയതോടെയാണ് ജില്ല കലക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയത്. നിർമാണ പ്രവർത്തനം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് ജില്ലാ പോലീസ് മേധാവിക്കും കൈമാറി.

&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

&&&&&&&&&&&&&&&&

റെയിൽവേ യാത്രക്കൂലി നിരക്കിൽ പരിഷ്ക്കരണം.

റെയിൽവേ യാത്രക്കൂലി നിരക്കിൽ പരിഷ്ക്കരണം. 215 കിലോമീറ്ററിൽ അധികമുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസ വീതം വർദ്ധിക്കും. മെയിൽ, എക്സ്പ്രസ് ട്രെയിനുകളിൽ എസി-ഇതര ക്ലാസിന് കിലോമീറ്ററിന് 2 പൈസ വർദ്ധിക്കും. എസി ക്ലാസുകളിലും 2 പൈസ വർധനയുണ്ട്. എന്നാൽ ഓർഡിനറി ക്ലാസിൽ 215 കിലോമീറ്റർ വരെയുള്ള യാത്രാ നിരക്കിൽ വർദ്ധനയില്ല. നിരക്കുവർധന ഈ മാസം 26 മുതൽ പ്രാബല്യത്തിൽ വരും. ഇതിലൂടെ 600 കോടി രൂപയുടെ അധിക വരുമാനമാണ് റെയിൽവെ പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&

ക്ലൂ ആപ്പ് -( ഇൻട്രോ)

യാത്ര ചെയ്യുന്നവർക്ക് ശുചിമുറികൾ കണ്ടെത്താൻ സഹായിക്കുന്ന 'ക്ലൂ' മൊബൈൽ ആപ്പുമായി സംസ്ഥാന സർക്കാർ. ക്ലൂ സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് ചൊവ്വാഴ്ച്ച തിരുവനന്തപുരത്ത് നിർവ്വഹിക്കും. ആദ്യഘട്ടത്തിൽ പ്രധാന വിനോദ സഞ്ചാരപാതകളെയും ദേശീയ പാതകളെയും കേന്ദ്രീകരിച്ചാണ് പദ്ധതി.

വിശദാംശങ്ങളിലേക്ക്..

(വോയിസ്)

&&&&&&&&&&&&&&&&

ക്ലൂ ആപ്പ് (വോയിസ്)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷനാണ് ക്ലൂ ആപ്പ് സജ്ജമാക്കിയത്. യാത്രക്കാർക്ക് നിൽക്കുന്ന പ്രദേശത്തിന് തൊട്ടടുത്തുള്ള ശുചിമുറികൾ ആപ്പിലൂടെ എളുപ്പത്തിൽ കണ്ടെത്താൻ സാധിക്കും. പൊതു ശുചിമുറികൾക്ക് പുറമെ, മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ ഹോട്ടലുകളിലെയും റെസ്റ്റോറന്റുകളിലെയും ശുചിമുറികൾ കൂടി ഉൾപ്പെടുത്തിയാണ് ശൃംഖല വിപുലീകരിച്ചിരിക്കുന്നത്. ഓരോ ശുചിമുറി കേന്ദ്രത്തിന്റെയും പ്രവർത്തന സമയം, പാർക്കിംഗ് സൗകര്യം, ഉപയോക്താക്കളുടെ റേറ്റിംഗ് തുടങ്ങിയവ ആപ്പിലൂടെ തത്സമയം അറിയാൻ സാധിക്കും. കേരളത്തെ മികച്ച ശുചിത്വ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമായി ആഗോളതലത്തിൽ ഉയർത്തുകയാണ് ആപ്പിൻറെ ലക്ഷ്യമിടുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&&

<u>ശബരിമല (ഇൻട്രോ)</u>

ശബരിമല സന്നിധാനത്തേക്കുള്ള തങ്ക അങ്കി ഘോഷയാത്ര ചൊവ്വാഴ്ച്ച പുറപ്പെടും. ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടുന്ന ഘോഷയാത്ര ഈ മാസം 26 ന് വൈകുന്നേരം സന്നിധാനത്തെത്തും. 27 നാണ് മണ്ഡല പൂജ. അന്നദാനത്തിൻറെ ഭാഗമായി ഇന്നുമുതൽ സന്നിധാനത്ത് സദ്യ വിളമ്പി തുടങ്ങി.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയിസ്)

&&&&&&&&&&&&&&&&

<u>ഏഷ്യ കപ്പ് ക്രിക്കറ്റ്</u>

ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ടൂർണമെൻറിൽ പാകിസ്ഥാന് ജയം. ദുബായിൽ നടന്ന ഫൈനലിൽ 191 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തുകയായിരുന്നു. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ, എട്ട് വിക്കറ്റ് നഷ്ടത്തിൽ 347 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യക്ക് 26.2 ഓവറിൽ 156 റൺ എടുക്കുന്നതിനിടെ വിക്കറ്റ് എല്ലാം നഷ്ടമായി.

**&&&&&&&&&&&&&&&&**

<u>മൂന്നാറില് താപനില മൈനസിൽ</u>

മൂന്നാറിൽ താപനില മൈനസ് ഡിഗ്രിയിലേക്ക് താഴ്ന്നതോടെ, സഞ്ചാരികളുടെ വൻപ്രവാഹം. കന്നിമല, നടയാർ, നല്ലതണ്ണി, മൂന്നാർ ടൗൺ, ദേവികുളം, സെവൻമല എന്നിവിടങ്ങളിൽ തുടർച്ചയായ ദിവസങ്ങളിൽ താപനില പൂജ്യം ഡിഗ്രി രേഖപ്പെടുത്തിയിരുന്നു. പുൽതകിടികളിലും തേയിലച്ചെടികളിലും മഞ്ഞുതുള്ളികൾ കട്ടകളായി കിടക്കുന്ന കാഴ്ച കാണാൻ നിരവധി പേരാണ് എത്തുന്നത്.

**&&&&&&&&&&&&&&&&**

**&&&&&&&&&**

**&&&**